സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

എമ്പുരാനിൽ ചർച്ചയില്ല; രാജ്യസഭയിൽ ഇടത് എം.പിമാരുടെ ഇറങ്ങിപ്പോക്ക്

ന്യൂഡൽഹി: എമ്പുരാൻ സിനിമ വീണ്ടും സെൻസസർ ചെയ്ത സംഭവം മറ്റ് അജണ്ടകൾ മാറ്റിവെച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഇടത് എം.പിമാർ രാജ്യസഭയിൽ ചട്ടം 267 പ്രകാരം നൽകിയ നോട്ടീസ് ചെയർമാൻ ജഗ്ദീപ് ധൻഖർ തള്ളി. ഇതേ തുടർന്ന് കേരളത്തിൽ നിന്നുള്ള ഇടത് എം.പിമാർ സി.പി.ഐ രാജ്യസഭ നേതാവ് എ. സന്തോഷ് കുമാറിന്റെ നേതൃത്വത്തിൽ ഇറങ്ങിപ്പോയി. എ. സന്തോഷ് കുമാർ, ജോൺ ബ്രിട്ടാസ്, എ.എ. റഹീം എന്നിവരാണ് അടിയന്തര ചർച്ചക്ക് നോട്ടീസ് നൽകിയത്. നോട്ടീസ് തള്ളിയതിന് പിന്നാലെ, തങ്ങളുടെ ആവശ്യം എന്തെന്ന് പറയാൻ അനുമതിനിറ്റെങ്കിലും അനുവദിക്കണമെന്ന ആവശ്യവും ചെയർമാൻ തള്ളിയതിനെ തുടർന്നായിരുന്നു ഇറങ്ങിപ്പോക്ക്.എമ്പുരാൻ സിനിമക്കെതിരെ സംഘപരിവാർ വിദ്വേഷ പ്രചാരണം ശക്തമാക്കുന്നിതിടെ നിർമാതാവ് ആൻറണി പെരുമ്പാവൂർ പ്രതികരണവുമായെത്തി.

www.swathanthramandapam.com വാല്യം: 60 ലക്കം: 25 2025 ഏപ്രിൽ 01 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

പോലീസ് സ്റ്റേഷനിൽ യുവാവിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി

വയനാട്: കൽപ്പറ്റ പൊലീസ് സ്റ്റേഷനിൽ യുവാവിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. അമ്പലവയൽ സ്വദേശികളായ ചന്ദ്രൻ - ഓമന ദമ്പതികളുടെ മകൻ ഗോകുലാണ് (18) സ്റ്റേഷനിലെ ശുചിമുറിയിൽ തൂങ്ങിമരിച്ചത്. ഒരു പെൺകുട്ടിയെ കാണാതായതുമായി ബന്ധപ്പെട്ട് യുവാവിനെ സ്റ്റേഷനിൽ വിളിച്ചുവരുത്തിയിരുന്നു. ഇതിന് പിന്നാലെയാണ് ഇയാൾ ആത്മഹത്യ ചെയ്തത്. മൃതദേഹം കൽപ്പറ്റയിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയിരിക്കുകയാണ്.

മാർച്ച് 26ന് കൽപ്പറ്റയിൽ നിന്ന് ഒരു പെൺകുട്ടിയെ കാണാതായിരുന്നു. പൊലീസ് അന്വേഷണത്തിൽ പെൺകുട്ടിയെ കോഴിക്കോട് നിന്നും കണ്ടെത്തി. ഈ സമയം കുട്ടിയോടൊപ്പം ഗോകുലും ഉണ്ടായിരുന്നു. ഇവരെ കൽപ്പറ്റയിലെത്തിച്ച ശേഷം പെൺകുട്ടിയെ പൊലീസ് വീട്ടുകാർക്കൊപ്പം വിട്ടു. ഗോകുലിനെ പൊലീസ് സ്റ്റേഷനിൽ തന്നെ നിർത്തി. ഇതിനിടെ ഇയാൾ ശുചിമുറിയിൽ പോകണമെന്ന് പറഞ്ഞ് പോയി. ഏറെനേരം കഴിഞ്ഞിട്ടും കാണാതായതിനെ തുടർന്ന് പൊലീസുകാർ പരിശോധിച്ചപ്പോഴാണ് യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയത്.

എക്സൈസിന്റെ മിന്നൽ പരിശോധന; കേരളസർവകലാശാല മെൻസ് ഹോസ്റ്റലിൽ നിന്ന് കഞ്ചാവ് കണ്ടെടുത്തു

തിരു: കേരള സർവകലാശാല മെൻസ് ഹോസ്റ്റലിൽ നിന്ന് നാല് പാക്കറ്റ് കഞ്ചാവ് ക്കണ്ടെടുത്തു. എക്സൈസ് വകുപ്പ് നടത്തിയ പരിശോധനയിലാണ് കഞ്ചാവ് കണ്ടെത്തിയത്. തിരുവനന്തപുരം പാളയം എൽഎംഎസ് ചർച്ചിന് സമീപത്തുള്ള സർവകലാശാലയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ആൺകുട്ടികളുടെ ഹോസ്റ്റലിലാണ് പരിശോധന നടന്നത്.

കോളേജ് അടച്ചിട്ടും വിദ്യാർഥികൾ ഹോസ്റ്റലിൽ തുടരുന്നുവെന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് എക്സൈസ് ജില്ലയിലെ വിവിധ കോളേജുകളിലും ഹോസ്റ്റലുകളിലുമായി മിന്നൽ പരിശോധന ആരംഭിച്ചത്. അതിന്റെ ഭാഗമായാണ് ഇന്ന്(ചൊവ്വ) പാളയം മെൻസ് ഹോസ്റ്റലിലും പരിശോധന നടത്തിയത്. എക്സൈസ് ഉദ്യോഗസ്ഥർ ഇപ്പോഴും ഹോസ്റ്റലിൽ തുടരുകയാണ്. മുറികളിലെല്ലാം പരിശോധന നടത്തുന്നുണ്ട്.

കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി ലഹരി കേസിൽ അറസ്റ്റിലായവരെ ചോദ്യം ചെയ്തപ്പോൾ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് എക്സൈസ് നീക്കം

മഴ ശക്തമാകും

തിരു : സംസ്ഥാനത്ത് ബുധനാഴ്ച മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. അടുത്ത അഞ്ച് ദിവസം മഴക്ക് സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ വകുപ്പിൻറെ പ്രവചനം.

ബുധനാഴ്ച മൂന്ന് ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. പാലക്കാട്, മലപ്പുറം, വയനാട് എന്നി ജില്ലകളിലാണ് യെല്ലോ അലർട്ട്.ഒറ്റപ്പെട്ട ശക്തമായ മഴക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിട്ടുള്ളത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്റർ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.

തൊഴിലില്ലായ്മയും ഭാവിയെക്കുറിച്ചുള്ള ആശങ്കയുമാണ് യുവാക്കളെ വഴിതെറ്റിക്കുന്നത്: രാഹുൽ

ന്യൂഡൽഹി: യുവാക്കളുടെ മനസുകളിൽ പ്രതീക്ഷയില്ലാത്തതാണ് ലഹരി ഉപയോഗം വർധിക്കുന്നതിന്റെ കാരണമെന്ന് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. യുവാക്കളുടെ മനസുകളിൽ പ്രതീക്ഷ നിറച്ചില്ലെങ്കിൽ അവർ സ്വന്തം സിരകളിൽ ലഹരി മരുന്ന് നിറയ്ക്കുമെന്നും രാഹുൽ പറഞ്ഞു.

തൊഴിലില്ലായ്മയും ഭാവിയെക്കുറിച്ചുള്ള ആശങ്കയുമാണ് യുവാക്കളെ വഴിതെറ്റിക്കുന്നത്. കേരളത്തിൽ കുട്ടികളിലെ ലഹരി ഉപയോഗത്തെ കുറിച്ച് സമൂഹ മാധ്യമ ഇൻഫ്ലുവൻസർമാർ, ഡോക്ടർ എന്നിവരുമായി നടത്തിയ ചർച്ചയിലാണ് രാഹുൽ ഇക്കാര്യം വ്യക്തമാക്കിയത്.

മന്ത്രി വീണാ ജോർജ് ഡൽഹിയിൽ; ജെപി നദ്ദയുമായി കൂടിക്കാഴ്ച നടത്തും

ന്യൂഡൽഹി: ആരോഗ്യമന്ത്രി വീണാ ജോർജ് വീണ്ടും ഡൽഹിയിൽ. ഇന്ന് രാവിലെ 11 മണിക്ക് ഡൽഹിയിലെത്തിയ മന്ത്രി അവിടെ നിന്നും കേരള ഹൗസിലേക്ക് പോയി. ഉച്ചയ്ക്ക് ശേഷം 2.30ഓടെ കേന്ദ്ര ആരോഗ്യമന്ത്രിയുമായി കൂടിക്കാഴ്ച നടക്കുമെന്നാണ് വിവരം.

കഴിഞ്ഞ തവണ ക്യൂബൻ സംഘത്തെ കാണാൻ ഡൽഹിയിലെത്തിയ ആരോഗ്യ മന്ത്രി, കേന്ദ്രമന്ത്രി ജെപി നദ്ദയുമായി കൂടിക്കാഴ്ചയ്ക്ക് സമയം തേടിയിരുന്നെങ്കിലും പാർലമെന്റ് നടക്കുന്ന സമയമായതിനാൽ ലഭിച്ചില്ല. തുടർന്ന് രണ്ട് നിവേദനങ്ങൾ ആരോഗ്യമന്ത്രി കേന്ദ്രമന്ത്രിയുടെ ഓഫീസിൽ നൽകിയിരുന്നു. ആശമാരുടെ ഇൻസെന്റീവ് വർദ്ധിപ്പിക്കണമെന്നാണ് ഇതിൽ ആവശ്യപ്പെട്ടിരിക്കുന്നത്. 2023- 24സാമ്പത്തിക വർഷത്തിൽ തടഞ്ഞുവച്ച 637 കോടി രൂപ എത്രയും വേഗം നൽകണം, എയിംസ് അനുവദിക്കണം, കാസർകോടും വയനാടും മെഡിക്കൽ കോളേജിന് സഹായം നൽകണം തുടങ്ങിയ ആവശ്യങ്ങളാണ് നിവേദനത്തിലുള്ളത്. ഈ കാര്യങ്ങൾ ഇന്നത്തെ ചർച്ചയിലും മുന്നോട്ട് വയ്ക്കുമെന്നാണ് കരുതുന്നത്.

എമ്പുരാൻ വിവാദം ബിസിനസ് തന്ത്രം, 'ജനങ്ങളെ ഇളക്കിവിട്ട് പണം തട്ടുന്നു' ; സുരേഷ് ഗോപി

കൊച്ചി: എമ്പുരാൻ വിവാദം കച്ചവടത്തിനായുള്ള വെറും ഡ്രാമയാണെന്ന് കേന്ദ്ര സഹമന്ത്രിയും നടനുമായ സുരേഷ് ഗോപി. സിനിമ മുറിക്കാൻ ആരും ആവശ്യപ്പെട്ടിട്ടില്ലെന്നും ജനങ്ങളെ ഇളക്കിവിട്ട് പണം തട്ടുന്ന പരിപാടിയാണ് ഇപ്പോൾ നടക്കുന്നതെന്നും എമ്പുരാൻ വിവാദത്തിൽ പ്രതികരിച്ച് സുരേഷ് ഗോപി പറഞ്ഞു. നേരത്തെ സിനിമയുടെ ടൈറ്റിൽ കാർഡിൽ നിന്ന് തന്റെ പേര് ഒഴിവാക്കണമെന്ന് സുരേഷ് ഗോപി ആവശ്യപ്പെട്ടതായി റിപ്പോർട്ട് ഉണ്ടായിരുന്നു.

അതേ സമയം 'എമ്പുരാൻ' സിനിമ റിഎഡിറ്റ് ചെയ്യുന്നത് മറ്റാരുടെയും നിർദേശ പ്രകാരമല്ല, തങ്ങളുടെ സ്വന്തം ഇഷ്ടപ്രകാരമെന്ന് നിർമാതാവ് ആന്റണി പെരുമ്പാവൂർ. രണ്ട് മിനിറ്റും ചെറിയ സെക്കൻഡും മാത്രമാണ് സിനിമയിൽ നിന്നും മാറ്റിയിരിക്കുന്നതെന്നും ഈ സിനിമ കൊണ്ട് ഏതെങ്കിലും ആളുകൾക്ക് സങ്കടമുണ്ടായിട്ടുണ്ടെങ്കിൽ അതിനെ കറക്ട് ചെയ്യേണ്ട ഉത്തരവാദിത്വം തങ്ങൾക്കുണ്ടെന്നും ആന്റണി പെരുമ്പാവൂർ മാധ്യമങ്ങളോട് പ്രതികരിച്ചു."ഭയന്നിട്ടല്ല, നമ്മളൊരു സമൂഹത്തിൽ ജീവിക്കുന്നവരാണ്. മറ്റുള്ള ആളുകളെ ദ്രോഹിക്കുകയോ, അവർക്കു വിഷമമുണ്ടാക്കുന്ന കാര്യം ജീവിതത്തിൽ ചെയ്യണമെന്ന് ആഗ്രഹിച്ച് സിനിമ ചെയ്യുന്നവരവല്ല ഞങ്ങളാരും. മോഹൻലാൽ സാറുമതെ, പൃഥിരാജുമതെ, എന്റെ അനുഭവത്തിൽ ഇതുവരെ അങ്ങനെയൊരു സംഭവവും ഞങ്ങൾ കേട്ടിട്ടില്ല. ഈ സിനിമ കൊണ്ട് ഏതെങ്കിലും ആളുകൾക്ക് സങ്കടമുണ്ടെങ്കിൽ അതിനെ കറക്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഒരു സിനിമാ നിർമാതാവ് എന്ന നിലയിൽ എനിക്കും സംവിധായകനും അതിൽ അഭിനയിച്ച ആൾക്കും ബാധ്യതയുണ്ടെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ആ വിശ്വാസത്തിന്റെ പേരിൽ ഞങ്ങൾ ഒന്നിച്ച് കൂട്ടായി എടുത്ത തീരുമാനാണ് റി എഡിറ്റ്. രണ്ട് മിനിറ്റും ചെറിയ സെക്കൻഡും മാത്രമാണ് സിനിമയിൽ നിന്നും മാറ്റിയിരിക്കുന്നത്. ഇത് മറ്റ് ആളുകളുടെയൊന്നും നിർദേശ പ്രകാരമൊന്നുമല്ല, ഞങ്ങളുടെ സ്വന്തം ഇഷ്ടപ്രകാരം ചെയ്തതാണ്. ഭാവിയും ഒരു കാര്യം ചെയ്യുമ്പോൾ ഏതൊരാൾക്ക് വിഷമം ഉണ്ടായാലും ഇതുപോലെ സമീപിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങളെല്ലാം. വലിയ പ്രശ്നങ്ങളിലേക്കൊന്നും ഇതുപോയിട്ടില്ല. ഒരു പ്രത്യേക വിഭാഗത്തിന്റെ ആവശ്യമെന്നും പറയാൻ കഴിയില്ല. സിനിമ ഉണ്ടാകുന്ന സമയത്തു തന്നെ മുൻകാലങ്ങളിലും ഇതുപോലുള്ള വിവാദങ്ങൾ സംഭവിച്ചിട്ടുണ്ട്. പാർട്ടി അല്ലാതെ തന്നെ ഒരു വ്യക്തിക്ക് വിഷമം ഉണ്ടായാൽ പോലും അത് ചിന്തിച്ച് കറക്ട് ചെയ്യണമെന്ന് ആഗ്രഹിക്കുന്ന അംഗത്തിൽപെട്ടവരാണ് ഞങ്ങൾ.

മുരളി ഗോപിക്കു വിയോജിപ്പുകളുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇതിൽ ഒരാൾക്ക് വിയോജിപ്പുണ്ടായാൽ റിഎഡിറ്റ് പോലും ചെയ്യാൻ സാധിക്കില്ല. എല്ലാവരുടെയും സമ്മതം അതിനാവശ്യമാണ്. അങ്ങനെ എല്ലാവരുടെയും സമ്മത പ്രകാരം ചെയ്യുന്ന കാര്യമാണത്. ഇതിൽ അങ്ങനെയുള്ള വിവാദങ്ങൾക്ക് സ്ഥാനമില്ല. മോഹൻലാൽ സാറിന്റെ ഖേദ പ്രകടനം നാളെ അദ്ദേഹം ഷെയർ ചെയ്തില്ലെങ്കിൽ പോലും ഇക്കാര്യത്തിൽ സമ്മതമുണ്ടെന്ന് വിചാരിക്കുക.മോഹൻലാൽ സാറിനും എനിക്കും എല്ലാവർക്കും ഈ സിനിമയുടെ കഥ അറിയാം. അത് അറിയില്ലെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. മറ്റുള്ളവർ പറഞ്ഞതിനെക്കുറിച്ച് എനിക്ക് പ്രതികരണമില്ല. ഞങ്ങളെല്ലാവരും ഈ സിനിമയെ മനസ്സിലാക്കിയവരാണ്. അതിലെന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ അത് കറക്ട് ചെയ്യുക എന്നതും ഞങ്ങളുടെ കടമയാണ്. മറ്റുള്ള ആളുകൾക്കൊപ്പം ഈ സമൂഹത്തിൽ സന്തോഷമായി ജീവിച്ചു പോകുന്നവരാണ് ഞങ്ങൾ.

നടുറോഡിൽ ഭാര്യയുടെ റീൽ ഷൂട്ടിങ്,ഗതാഗത തടസം; ഭർത്താവായ പോലീസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ

ചണ്ഡീഗഡ്: തിരക്കേറിയ റോഡിലെ സീബ്രാ ക്രോസിങ്ങിൽ നൃത്തം ചെയ്യുന്ന ഭാര്യയുടെ റീൽ വൈറലായതിന് പിന്നാലെ പോലീസ് ഉദ്യോഗസ്ഥനായ ഭർത്താവിന് സസ്പെൻഷൻ. ചണ്ഡീഗഡ് പോലീസ് സേനയിലെ കോൺസ്റ്റബിളായ അജയ് കുണ്ടുവിനെയാണ് സസ്പെൻഡ് ചെയ്തിരിക്കുന്നത്. മാർച്ച് 20-നാണ് നടപടിക്ക് ആസ്പദമായ സംഭവം നടക്കുന്നത്. അജയ്യുടെ ഭാര്യയായ ജ്യോതിയും സഹോദരന്റെ ഭാര്യയും ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങുന്നതിനിടെയാണ് റോഡിലെ സീബ്രാ ലൈനിൽ നിന്ന് ഡാൻസ് കളിക്കുന്നതിന്റെ വീഡിയോ ചിത്രീകരിച്ചത്.

നടുറോഡിൽ വെച്ചുള്ള ജ്യോതിയുടെ നൃത്തം ഈ മേഖലയിൽ ഗതാഗത തടസ്സമുണ്ടാക്കിയിരുന്നു. തിരക്കുള്ള റോഡിൽ ഡാൻസ് ചെയ്യുന്നതിന്റെയും ഇത് ചിത്രീകരിക്കുന്നതിന്റെയും ദൃശ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വൈറലായതോടെ മറ്റൊരു പോലീസ് ഉദ്യോഗസ്ഥനാണ് ചണ്ഡീഗഡ് സെക്ടർ 34 പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ സിസിടിവി ഉൾപ്പെടെയുള്ളവ പരിശോധിക്കുകയും ജ്യോതിക്കും കൂടെയുണ്ടായിരുന്നു യുവതിക്കുമെതിരേ കേസെടുക്കുകയും ചെയ്യുകയായിരുന്നു.

ഭാര്യയുടെ വൈറൽ വീഡിയോ സ്വന്തം ഇൻസ്റ്റഗ്രാം അക്കൗണ്ടിൽ പങ്കുവെച്ചതിനാണ് അജയ് കുണ്ടുവിനെതിരേ സസ്പെൻഷൻ നടപടി സ്വീകരിച്ചിരിക്കുന്നത്. ഗതാഗതം തടസ്സപ്പെടുത്തി, പൊതുസുരക്ഷയ്ക്ക് ഭീഷണിയുയർത്തി എന്നീ വകുപ്പുകളുടെ അടിസ്ഥാനത്തിൽ രണ്ട് സ്ത്രീകൾക്കെതിരേയും കേസെടുത്ത് ജാമ്യത്തിൽ വിട്ടു.

അതേസമയം, അജയ് കുണ്ടുവിനെതിരേ സ്വീകരിച്ചിട്ടുള്ള നടപടിക്കെതിരേ വ്യാപക വിമർശനങ്ങൾ ഉയരുന്നുണ്ട്. ഭാര്യ ചെയ്ത നിയമലംഘനത്തിൽ ഭർത്താവിനെതിരേ നടപടിയെടുത്തത് ദൗർഭാഗ്യകരമാണെന്നാണ് പ്രതികരണങ്ങൾ. അദ്ദേഹത്തിനെതിരേ സ്വീകരിച്ച നടപടി ഒരിക്കലും ന്യായീകരിക്കാൻ സാധിക്കാത്തതാണെന്നും വീഡിയോ ആസ്വദിക്കുകയും പങ്കുവയ്ക്കുകയും ചെയ്തതിനാണ് ആ ഉദ്യോഗസ്ഥൻ നടപടി നേരിട്ടതെന്നും പോകുന്നു വിമർശനങ്ങൾ.

ഗുണ്ടൽപേട്ടിൽ മലയാളി കുടുംബം സഞ്ചരിച്ച കാർ അപകടത്തിൽപ്പെട്ടു; രണ്ടുപേർ മരിച്ചു

ബംഗളൂരു: കർണാടകയിലെ ഗുണ്ടൽപേട്ടിൽ കാറും ട്രാവലറും കൂട്ടിയിടിച്ച് അപകടം. മലപ്പുറം സ്വദേശികളായ രണ്ടുപേർ മരിച്ചു. രണ്ടുപേർക്ക് ഗുരുതരമായി പരിക്കേറ്റു. മരിച്ചവരുടെ പേര് വിവരങ്ങൾ ലഭ്യമായിട്ടില്ല. വണ്ടി നമ്പർ ഉപയോഗിച്ച് ആളുകളെ തിരിച്ചറിയാൻ ശ്രമിക്കുകയാണെന്ന് പൊലീസ് അറിയിച്ചു. കൊണ്ടോട്ടി അരിമ്പ്ര സ്വദേശികളാണ് മരിച്ചതെന്നാണ് സൂചന. ഇന്ന് രാവിലെയാണ് അപകടം നടന്നത്.

ഗുണ്ടൽപേട്ടിലെ ബെണ്ടഗള്ളി ഗേറ്റിലാണ് അപകടമുണ്ടായത്. രണ്ട് കുട്ടികൾ അടക്കം ഏഴ് പേരടങ്ങുന്ന കുടുംബമാണ് അപകടത്തിൽപെട്ടത്. കുട്ടികൾ സുരക്ഷിതരാണെന്ന് പൊലീസ് അറിയിച്ചു. കാറിന് മുൻസീറ്റിൽ ഇരുന്നവരാണ് മരിച്ചത്. കൊണ്ടോട്ടി രജിസ്ട്രേഷൻ കാറും കർണാടക രജിസ്ട്രേഷൻ ട്രാവലറുമാണ് കൂട്ടിയിടിച്ചത്. കാർ കർണാടക ഭാഗത്തേക്ക് പോകുകയായിരുന്നു,

ഗുഡ്സ് ട്രെയിനുകൾ കൂട്ടിയിടിച്ച് അപകടം; ലോക്കോ പൈലറ്റ് ഉൾപ്പടെ മൂന്നുപേർക്ക് ദാരുണാന്ത്യം

റാഞ്ചി: ജാർഖണ്ഡിൽ ഗുഡ്സ് ട്രെയിനുകൾ കൂട്ടിയിടിച്ച് ലോക്കോ പൈലറ്റ് ഉൾപ്പടെ മൂന്ന് പേർക്ക് ദാരുണാന്ത്യം. നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ (എൻടിപിസി) ഉടമസ്ഥതയിലുള്ള രണ്ട് ഗുഡ്സ് ട്രെയിനുകൾ കൂട്ടിയിടിച്ചാണ് അപകടം ഉണ്ടായത്. ജാർഖണ്ഡിലെ സാഹിബഗഞ്ച് ജില്ലയിൽ പുലർച്ചെ മൂന്ന് മണിക്കായിരുന്നു അപകടം. നാലുപേർക്ക് പരിക്കേറ്റിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. ഇവർ ആശുപത്രിയിൽ ചികിത്സയിലാണ്.

ജാർഖണ്ഡിലെ ഗൊഡ്ഡ ജില്ലയിലെ ലാൽമതിയ എംജിആർ ലൈനിൽ വച്ചാണ് അപകടം ഉണ്ടായത്. കൂട്ടിയിടിയുടെ ആഘാതത്തിൽ കൽക്കരി നിറച്ച വാഗണുകളിലൊന്നിൽ തീപിടിത്തമുണ്ടായി. അഗ്നിശമനസേന എത്തിയാണ് തീയണച്ചത്. അപകടത്തിൽ ഇന്ത്യൻ റെയിൽവേയ്ക്ക് യാതൊരു പങ്കുമില്ലെന്നും അവരുടെ പരിധിയിൽ വരുന്ന സംഭവം അല്ലെന്നും എൻടിപിസി ഔദ്യോഗിക പ്രസ്താവനയിലൂടെ അറിയിച്ചു. അപകടത്തിന്റെ കൂടുതൽ വിവരങ്ങളെ കുറിച്ച് അന്വേഷണം നടത്തിവരികയാണെന്നും അപകടകാരണം വ്യക്തമായിട്ടില്ലെന്നും അധികൃതർ അറിയിച്ചു.അപകടം നടന്ന സ്ഥലത്തെ ട്രാക്കിൽ നിന്ന് ട്രെയിനിന്റെ അവശിഷ്ടങ്ങൾ മാറ്റുകയാണ്.

സ്കൂൾ അധ്യാപിക ഉൾപ്പെടെ രണ്ടു പേർ കെട്ടിടത്തിൽ നിന്ന് വീണു മരിച്ചു

ചെന്നൈ: ചെന്നൈയിൽ നടന്ന വ്യത്യസ്ത അപകടങ്ങളിൽ സ്കൂൾ അധ്യാപിക ഉൾപ്പെടെ രണ്ടു പേർ കെട്ടിടത്തിൽ നിന്ന് വീണു മരിച്ചു. അയനാവരം പ്രദേശത്ത് ഉത്തർപ്രദേശിൽനിന്നുള്ള നിർമ്മാണ തൊഴിലാളി ദുർഗേഷ് ഗുപ്ത (40) മൂന്നാം നിലയിൽ നിന്ന് വീണു മരിച്ചു.

മറ്റൊരു തൊഴിലാളിയായ വിരിജേഷിന് (35) ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. ഇയാളെ സ്വകാര്യ ആശുപത്രിയിൽ തീവ്രപരിചരണത്തിനായി പ്രവേശിപ്പിച്ചിട്ടുണ്ട്.

മറ്റൊരു സംഭവത്തിൽ ഒറ്റേരിയിൽ സ്ട്രഹാൻസ് റോഡിലെ അപ്പാർട്ട്മെന്റിലെ താമസക്കാരിയായ ഡി. ദേവിക (37) കെട്ടിടത്തിൽനിന്ന് ചാടി ജീവനൊടുക്കി.

9 മാസം ഗർഭിണിയായ യുവതി ഭർതൃവീട്ടിൽ തൂങ്ങിമരിച്ച നിലയിൽ

കടുത്തുരുത്തി: 9മാസം ഗർഭിണിയായ യുവതിയെ ഭർതൃവീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കടുത്തുരുത്തി മാഞ്ഞൂർ കണ്ടാറ്റുപാടം സ്വദേശി അഖിൽ മാനുവലിന്റെ ഭാര്യ അമിത സണ്ണിയാണ് ജീവനൊടുക്കിയത്.

ഭർത്താവുമായുള്ള വഴക്കാണ് ആത്മഹത്യയ്ക്ക് കാരണമെന്ന് പോലീസിന്റെ പ്രാഥമിക നിഗമനം. എന്നാൽ, മകളുടെ മരണത്തിൽ സംശയമുണ്ടെന്ന് അമിതയുടെ മാതാപിതാക്കൾ ആരോപിച്ചു.

ഇതേത്തുടർന്ന് മാതാപിതാക്കളുടെ പരാതിയിൽ കടുത്തുരുത്തി പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. സംഭവത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാകാനിരിക്കുകയാണ്.

'ഞങ്ങൾ ബഹിരാകാശത്ത് കുടുങ്ങിയതിന്റെ യഥാർത്ഥ കാരണക്കാർ ഇവരാണ്"; വെളിപ്പെടുത്തലുമായി സുനിതയും വിൽമോറും

വാഷിംഗ്ടൺ: 8 ദിവസം മാത്രം നീണ്ടു നിൽക്കുന്ന ബഹിരാകാശ ദൗത്യത്തിനായി കഴിഞ്ഞ വർഷം ജൂൺ 5നാണ് ബോയിംഗ് കമ്പനി വികസിപ്പിച്ച സ്റ്റാർ ലൈനർ പേടകത്തിൽ നാസയുടെ ബഹിരാകാശ ഗവേഷകരായ സുനിത വില്യംസും ബുച്ച് വിൽമോറും അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയത്. എന്നാൽ, ചില സാങ്കേതിക തകരാറുകൾ കാരണം ഇവർ 9മാസത്തോളം ബഹിരാകാശ നിലയത്തിൽ കുടുങ്ങിപ്പോവുകയായിരുന്നു.

9 മാസങ്ങൾക്ക് ശേഷം ഇലോൺ മസ്കിന്റെ സ്പേസ് എക്സിന്റെ ക്രൂ ഡ്രാഗൺ ബഹിരാകാശ പേടകത്തിൽ മാർച്ച് 18ന് ഇരുവരും ഫ്ളോറിഡ തീരത്ത് ലാൻഡ് ചെയ്തു. ബഹിരാകാശ ഗവേഷകർ കുടുങ്ങിപ്പോയതിൽ പല തരത്തിലുള്ള കാരണങ്ങൾ പലരും ചൂണ്ടിക്കാട്ടി. രാഷ്ട്രീയ കാരണങ്ങളാലാണ് സുനിതയും വിൽമോറും കുടുങ്ങിയതെന്നാണ് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഇലോൺ മസ്കും കുറ്റപ്പെടുത്തിയിരുന്നത്. ജോ ബൈഡന്റെ നേതൃത്വത്തിലുള്ള മുൻ സർക്കാരിന് നേരെയാണ് ഇരുവരും വിരൽ ചൂണ്ടിയത്.

എന്നാൽ, ഇത്രയും കാലം ബഹിരാകാശത്ത് തങ്ങേണ്ടിവന്നതിന്റെ കാരണം രാഷ്ട്രീയമല്ലെന്നാണ് സുനിതയും വിൽമോറും പറയുന്നത്. ഇപ്പോഴിതാ ബഹിരാകാശത്ത് ഇത്രയും മാസം കഴിയേണ്ടി വന്നതിന്റെ യഥാർത്ഥ കാരണക്കാർ ആരൊക്കെയെന്ന് വെളിപ്പെടുത്തിയിരിക്കുകയാണ് ഇരുവരും. ഭൂമിയിലേക്ക് മടങ്ങിയെത്തിയ ശേഷം ആദ്യമായി മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു സുനിതയും വിൽമോറും.

'ബഹിരാകാശ യാത്ര പരമാവധി പ്രയോജനപ്പെടുത്താം എന്നാണ് ആദ്യം തോന്നിയത്. എന്നാൽ, മടക്കയാത്ര ദീർഘിപ്പിച്ചു എന്ന് കേട്ട നിമിഷം കുടുംബത്തെക്കുറിച്ചുള്ള ചിന്തയാണ് മനസിലേക്കെത്തിയത്. എന്നാൽ, ബോയിംഗ് ആണ് ഞങ്ങളെ പ്രതിസന്ധിയിലാക്കിയത് എന്ന ധാരണ ഞങ്ങൾക്കില്ല. ബഹിരാകാശ ദൗത്യത്തിന്റെ തയ്യാറെടുപ്പുകൾക്കിടെ ചില കാര്യങ്ങൾ ചോദിച്ചു മനസിലാക്കാനും നടത്താനും എനിക്കുൾപ്പെടെ സാധിച്ചില്ല. അപ്പോൾ ഒരു പരിധിവരെ ഞങ്ങളെല്ലാവരും അതിൽ കുറ്റക്കാരാണ്. സിഎഫ്ടിയുടെ കമാൻഡർ എന്ന നിലയിൽ ഞാൻ ചോദിക്കേണ്ടിയിരുന്ന നിരവധി ചോദ്യങ്ങളുണ്ട്. അക്കാര്യത്തിൽ ഞാനും കുറ്റക്കാരനാണ്. അത് ഞാൻ രാജ്യത്തോട് സമ്മതിക്കുന്നു.

ഇനി ഇക്കാര്യത്തിൽ ആരുടെയും മേൽ വിരൽചൂണ്ടാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പകരം, പഴയ തെറ്റുകളിൽ നിന്ന് പാഠം ഉൾക്കൊണ്ട് മുന്നോട്ടു പോകാനാണ് താൽപ്പര്യം. ബഹിരാകാശത്ത് നിന്ന് ഞങ്ങളെ മടക്കിയെത്തിക്കാൻ ട്രംപും മസ്കും ചെയ്ത കാര്യങ്ങൾക്ക് നന

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

മഷി പേനയും, ടവലും!

പണ്ട് സ്കൂൾ കുട്ടികളുടെ ഹരമായിരുന്നു മഷിത്തണ്ട്. ജലാംശം ഉള്ള മഷിച്ചെടിയുടെ തണ്ട് മുറിച്ച് കുപ്പിയിലിട്ട് കുട്ടികൾ കൊണ്ടുപോകുന്നതായിരുന്നു മഷിത്തണ്ട്. സ്ലേറ്റിൽ എഴുതിയത് മായ്ക്കാനായിരുന്നു മഷി തണ്ട് ഉപയോഗിച്ചിരുന്നത്.

പിന്നീട് മഷി പേനയായി. ഇന്നത്തെ പോലെ റീഫിൽഉള്ള പേനയായിരുന്നില്ല. നല്ല നിബ്ബുള്ള തടിച്ച പേനയിൽ മഷി ഒഴിച്ചായിരുന്നു ഉപയോഗിച്ചിരുന്നത്. കുട്ടികളും ധാരാളം ഉപയോഗിച്ചിരുന്നു.

മഷി നിറച്ച ഫൗണ്ടൻ പേന ഹരമായിരുന്നു. സ്റ്റീൽ പേനയും ഉണ്ടായിരുന്നു. കുപ്പിയിലെന്ന മഷിയിൽ മുക്കി എഴുതുന്നതായിരുന്നു അത്. കൂടുതൽ മുതിർന്ന ആളുകളായിരുന്നു അത് ഉപയോഗിച്ചിരുന്നത്. ഓഫീസുകളിൽ സ്റ്റീൽ പേന അന്തസ്സായിരുന്നു

വലിയ മഷി കുപ്പിയും അലങ്കാരമായിരുന്നു. സാഹിത്യകാരൻ മുൻപ് ഉപയോഗിച്ചിരുന്നത് തടിച്ച വലിയ മഷി പഞ്ച മഷി പേനയായിരുന്നു. മഷി പേന ഷർട്ടിന്റെ കീശയിൽ കുത്തിയുള്ള ഒരു നടപ്പുണ്ടായിരുന്നു. ഒന്നൊന്നര നടപ്പായിരുന്നു അത്. മഷി ഷർട്ടിൽ പടർന്നുള്ള കാഴ്ചയും പതിവ്

പണ്ട് ആക്രമണായുധവും മഷി ആയിരുന്നു. മഷി വസ്ത്രത്തിൽ ഒഴിച്ചായിരുന്നു ആക്രമണവും പ്രതിഷേധവും.

വലിച്ചെറിയൽ സംസ്കാരം

കാലം മാറി. സ്റ്റീൽ - മഷി പേനകളും അനുബന്ധ സാമഗ്രികളും ഔട്ട്. തൃശൂർ ഉൾപ്പെടെ പെൻ ഹോസ്പിറ്റലുകളും രൂപപ്പെട്ടിരുന്നു. ഇപ്പോൾ റീഫിൽ ഉള്ളതും ഇല്ലാത്തതുമായ തരത്തിലുള്ള വൈവിധ്യ പേനകളാണ്. അവ എഴുതി കഴിഞ്ഞ് വലിച്ചെറിയും. മറ്റൊരു ബദലുമില്ല. ഒരു പക്ഷെ നമ്മുടെ വലിച്ചെറിയൽ സംസ്കാരം രൂപപ്പെടുന്നതിന്റെ ഒരു തുടക്കമായി റീഫിൽ പേനകളുടെ വലിച്ചെറിയലായി വിശേഷിപ്പിക്കാം. ഇപ്പോൾ പേനകളെന്നല്ല ഏതാണ്ടൊക്കെ സകല വസ്തുക്കളും വലിച്ചെറിയുന്ന സംസ്കാരമാണല്ലോ?

ചെറുതും വലുതുമായ മാലിന മാലിന്യം വലിച്ചെറിയുന്ന നവ സംസ്കാരത്തിനെതിരെ കേരള സർക്കാരിന്റെ ശുചിത്വ മിഷൻ സജീവമായി രംഗത്തുണ്ട്. ഈ മിഷന്റെ യഥാർത്ഥ പ്രവർത്തനം കാണുമ്പോൾ നാട്ടിലെ ഹരിതസേന പ്രവർത്തകരെയാണ് നാം ആദ്യം കാണുക. സേനാ പ്രവർത്തനം വിപുലമാണ്. വീട്ടുകളിലെ മാലിന്യം കൊണ്ടു പോകുന്നവരായാണ് നാം അവരെ ആദ്യം പരിചയപ്പെടുന്നത്. എന്നാൽ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങളെ നാം

SUCHITWA MISSION
LOCAL SELF GOVERNMENT DEPARTMENT KERALA

വൃത്തി Vruthi THE CLEAN KERALA CONCLAVE 2025
April 09 - 13
Kanakakkunnu, Thiruvananthapuram

വലിയ സംഭവമായി തന്നെ കണ്ടേ പറ്റൂ.

ഹരിത കർമ സേനയുടെ ബോധവൽക്കരണ ഭാഗമായി മാലിന്യം വലിച്ചെറിയൽ സംസ്കാരത്തിനെതിരെ ജനങ്ങളെ അണിനിരത്താനായിട്ടുണ്ട്. പച്ചപ്പ് സംസ്കാരം വളർത്തുക എന്നതാണ് ശുചിത്വ മിഷന്റെ മറ്റൊരു മുഖം. ആയതിന്റെ ഭാഗമാണ് മിഷന്റെ ഔദ്യോഗിക പരിപാടികളിൽ പ്ലാസ്റ്റിക്കും, അനുബന്ധ സാമഗ്രികളും പൂർണമായും ഇല്ലാതാക്കുന്നു. പകരം ലോഹ പാത്രങ്ങൾ, തുണി ടവൽ, മഷി നിറക്കുന്ന പേന, ബനാനിനു പകരം ഡിജിറ്റൽ ഡി സി പ്ലെ എന്നിങ്ങനെയൊക്കെയാണ് രൂപകല്പന ചെയ്യുന്നത്.

പല പരിമിതികൾ ഉണ്ടെങ്കിൽ കൂടി ശുചിത്വ മിഷൻ പ്രവർത്തനം സമൂഹത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

ഓരോ പഞ്ചായത്തുകളും തനതായി പരിപാടികൾ

ആവിഷ്കരിച്ചാൽ നാട് ശുചിത്വത്തിന്റെ നാടായി മാറും അതിനായി മിഷൻ ചെയ്യുന്ന പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. ജനങ്ങളുടെ കൂട്ടമായ ഇടപെടലാണ് വലിയ മുന്നേററത്തിന് വഴിയൊരുക്കുക എന്ന റിയുക.

കിളിവാതിൽ
രാജൻ എലവത്തൂർ

ഹരിത ഗ്രന്ഥാലയം

പുതൂർക്കര ദേശീയ വായനശാലയെ 'ഹരിത ഗ്രന്ഥാലയയമായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ തൃശൂർ കോർപ്പറേഷൻ 55-ാം ഡിവിഷനിൽ സേവനം ചെയ്യുന്ന ഹരിത കർമ്മ സേനാംഗങ്ങളെ ആദരിച്ചപ്പോൾ

തൃശൂർ: പൂങ്കുന്നം ജ്ഞാനോദയം ഗ്രന്ഥശാല ഹരിത ഗ്രന്ഥാലയമായി പ്രഖ്യാപിച്ചു. പോൾസൺ കോട്ടയത്തുകാരൻ ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് ഉഷ നമ്പീശൻ അദ്ധ്യക്ഷത വഹിച്ചു. പി ആർ ഗോപാലകൃഷ്ണൻ, മനോജ് കുമാർ പള്ളിയിൽ, വി ആർ സതീഷ് കുമാർ, എം കെ ബാലൻ ബിജു ഫ്രാൻസിസ് എന്നിവർ സംസാരിച്ചു. ഹരിത ഗ്രന്ഥാലയം പ്രഖ്യാപനത്തിൻറെ ഭാഗമായി പരിസര ശുചീകരണം പൂന്തോട്ടനിർമ്മാണം എന്നിവയും സംഘടിപ്പിച്ചു.

വായനാ വസന്തം
വീട്ടിലേക്ക് ഒരു പുസ്തകം

അവണൂർ : പ്രതിഭ ലൈബ്രറി ആന്റ് റീഡിംഗ് റും നടപ്പിലാക്കുന്ന വായനാ വസന്തം വീട്ടിലേക്ക് ഒരു പുസ്തകം എന്ന പദ്ധതി ഗ്രാമ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ അഞ്ജലി സതീഷ് ഉദ്ഘാടനം ചെയ്തു. ജയൻ അവണൂർ അധ്യക്ഷനായിരുന്നു. കില ഫാക്കൽറ്റി അംഗം

മുഹമ്മദ് അറയ്ക്കൽ ഹരിത വായനശാല പ്രഖ്യാപനം നടത്തി. തുടർന്ന് നടന്ന വായനക്കാരുടെ ഒത്തുചേരലിൽ പി .ബി . ദിവ്യ മുഖ്യാതിഥിയായിരുന്നു. വി.എൻ.അനന്തൻ,

കെ .ആർ . ഹരിദാസൻ , വി. വി. അനിൽകുമാർ, പി.വി. സൈമി, വി. കെ. മുകുന്ദൻ, യശോദ മുരളി, എസ്. ഭദ്ര, വി.ആർ.കൃഷ്ശ്രീ, എസ്.സുമേഷ്, കെ.പൂജ, എം . കെ. അനിൽകുമാർ, പി. നന്ദൻ, ശുഭ സുമേഷ് എന്നിവർ സംസാരിച്ചു. പി.ജി. ഉണ്ണികൃഷ്ണൻ സ്വാഗതവും, എ. സുരേഷ് കുമാർ നന്ദിയും പറഞ്ഞു.

ശുചിത്വ മിഷൻ പ്രാദേശിക മാധ്യമ ശില്പശാല

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുടയിൽശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ ശുചിത്വ മിഷന്റെ പ്രാദേശിക മാധ്യമ ശിൽപശാല വൃത്തി 2025 മാപ്രാണം പി കെ ചാത്തൻ മാസ്റ്റർ മെമ്മോറിയൽ ഹാളിൽ നടന്നു. നഗരസഭ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അംബിക പള്ളിപ്പുറത്ത് ചടങ്ങ് ഉദ്ഘാടനം ചെയ്തു.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മാധ്യമ പ്രവർത്തകർ നടത്തേണ്ട ഇടപെടലുകളെ കുറിച്ച് മാധ്യമ പ്രവർത്തകർ ശുചിത്വ മിഷൻ പ്രതിനിധികളുമായി ചർച്ച നടത്തി.മാധ്യമ പ്രവർത്തകരായ സുനിൽ കെ ചേലൂർ, അഞ്ജലി പി ഉണ്ണികൃഷ്ണൻ, എഡിന ജോസ്,പി എ ഫൈസൽ, ബിജോയ് കെ.ജോയ്, സുനിൽകുമാർ സി കെഎന്നിവർ സംവാദത്തിൽ പങ്കെടുത്തു. പങ്കെടുത്ത മാധ്യമ പ്രവർത്തകർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

ഇരിങ്ങാലക്കുട മുനിസിപ്പൽ സെക്രട്ടറി സി ഷാജിക്ക് അധ്യക്ഷനായി.ജില്ലാ പ്രോജക്ട് ഓഫിസർ രജിനേഷ് രാജൻ പ്രസന്റേഷൻ അവതരണം നടത്തി. ശിൽപശാലയിൽ ജില്ലാ കോർഡിനേറ്റർ കെ ബി. ബാബുകുമാർ, പ്രസ് ക്ലബ് സെക്രട്ടറി നവീൻ വി ബി, അസിസ്റ്റന്റ് കോർഡിനേറ്റർ സംഗീത് സി എൻ,ഇൻഫർമേഷൻ അസിസ്റ്റന്റ് ജിഫിൻ ജോർജ് എന്നിവർ സംസാരിച്ചു.

എഡിറ്റ് ചെയ്തത് 2 മിനിറ്റ്, 'റീഎഡിറ്റഡ് എമ്പുരാൻ' ഇന്നുതന്നെ എത്തിക്കാൻ ശ്രമം- ആന്റണി പെരുമ്പാവൂർ



കൊച്ചി: എമ്പുരാനിൽനിന്ന് മുറിച്ചു മാറ്റിയത് രണ്ട് മിനിറ്റ് ദൈർഘ്യമുള്ള ദൃശ്യങ്ങൾ മാത്രമെന്ന് നിർമാതാവ് ആന്റണി പെരുമ്പാവൂർ. ചിത്രത്തിന്റെ റീഎഡിറ്റഡ് വേർഷൻ ഇന്ന് തന്നെ തീയേറ്ററുകളിൽ എത്തിക്കാനാണ് ശ്രമം. ആഗോള തലത്തിൽ 200 കോടി കളക്ഷൻ വന്നിട്ടുണ്ട്. ഇതൊന്നും വലിയ വിവാദമാക്കേണ്ട കാര്യമില്ലെന്നും മുരളി ഗോപി പ്രതികരിക്കാത്തതിനേക്കുറിച്ച് അദ്ദേഹത്തോട് തന്നെ ചോദിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ചിത്രത്തിന്റെ എഡിറ്റിങ് വർക്ക് നടന്നുകൊണ്ടിരിക്കുന്നതേയുള്ളു. ഒരുപാട് സമയം എഡിറ്റ് ചെയ്ത് നീക്കുന്നില്ല. രണ്ട് മിനിറ്റ് മാത്രമാണ് എഡിറ്റ് ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. റീ എഡിറ്റഡ് വേർഷൻ ഇന്ന് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് സാങ്കേതിക്കമായ പ്രവർത്തനമാണല്ലോ? പെട്ടന്ന് പറഞ്ഞാൽ നടക്കുന്ന കാര്യമല്ലല്ലോ. ഇത് വലിയ വിവാദമായി മാറേണ്ട കാര്യമില്ലെന്നും അദ്ദേഹം പറഞ്ഞു.

എല്ലാം കഴിഞ്ഞുവെന്നും സിനിമ എല്ലാവരും തീയേറ്ററിൽ കണ്ടുകൊണ്ടിരിക്കുകയാണെന്നും മോഹൻലാൽ ചിത്രം കണ്ടില്ല എന്ന ആരോപണമുണ്ടല്ലോ എന്ന ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു. വിവാദം തിരിച്ചടിയാണെന്ന് കരുതുന്നില്ല. ഇതിനെ പോസിറ്റീവായി എടുത്താൽ മതി. ഇതൊരു സിനിമയാണ്. സിനിമയെ സിനിമയായി കാണണം. പ്രശ്നങ്ങൾ അവസാനിച്ചല്ലോ എന്നും അദ്ദേഹം പറഞ്ഞു.

ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള അവഗണനക്കെതിരെ

ഇരിങ്ങാലക്കുട: കല്ലേറ്റുംകരയിൽ ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോട് മൂന്നര പതിറ്റാണ്ടായി അധികൃതർ തുടരുന്ന അവഗണനക്കെതിരെ ജനകീയ മഹാഹർജി ഒപ്പുശേഖരണം സംസ്ഥാന ഉന്നത വിദ്യാഭ്യാസ - സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഡോ.ആർ. ബിന്ദു ആദ്യ ഒപ്പു വച്ച് ഉദ്ഘാടനം ചെയ്തു. മുൻ സർക്കാർ ചീഫ് വിപ്പ് അഡ്വ. തോമസ്സ് ഉണ്ണിയാടൻ മുഖ്യപ്രഭാഷണം നടത്തി. ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് ജനകീയ മഹാഹർജി വിളംബരം ചെയ്തു. റെയിൽവേ സ്റ്റേഷൻ വികസന സമിതി പ്രസിഡണ്ട് വർഗ്ഗീസ് പന്തല്ലൂക്കാരൻ അദ്ധ്യക്ഷത വഹിച്ചു. സമരത്തിന്റെ മുഖ്യ സംഘാടകൻ വർഗ്ഗീസ് തൊടുപറമ്പിൽ, ടി.കെ. സുധീഷ്, ഡിസിസി വൈസ് പ്രസിഡന്റ് അഡ്വ.എം.എസ്. അനിൽ കുമാർ, കോൺഗ്രസ്ഇരിങ്ങാലക്കുട മണ്ഡലം പ്രസിഡന്റ് സോമൻ ചിറ്റേത്ത്, അഡ്വ.പി.കെ. നാരായണൻ, കേരള സിറ്റിസൺ ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ആന്റണി, കെ പി എം എസ് ജില്ല പ്രസിഡന്റ് പി.എ. അജയഘോഷ്, ഡേവിസ് തുളുവത്ത് തുടങ്ങിയവർ പ്രസംഗിച്ചു. റയിൽവേ സ്റ്റേഷൻ വികസന സമിതിയുടെ വികസന സമര വിളംബരമായി ഇരിങ്ങാലക്കുട റയിൽവേസ്റ്റേഷന്റെ സമീപ ഗ്രാമകേന്ദ്രങ്ങളിലെ വിവിധയിടങ്ങളിൽ 2025 മാർച്ച് 15 ന് തുടങ്ങിയ സമരാഗ്നി ജ്വലനം

ഇരിങ്ങാലക്കുട ആൽത്തറ പരിസരത്ത് ജനകീയ മഹാഹർജി ഒപ്പുശേഖരണ വേദിയിൽ സമാപിച്ചു. ആളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ.ആർ. ജോജോ 17ആം നാൾ സമരജ്വാല തെളിയിച്ചു,

സമര സന്ദേശം നൽകി. ആളൂർ ഗ്രാമപഞ്ചായത്ത് അംഗം കെ ബി സുനിൽ, വർക്കിംഗ്പ്രസിഡന്റ്കെ എഫ് ജോസ്, വൈസ് പ്രസിഡന്റ് സോമൻ ശാരദാലയം, സണ്ണി പൗലോസ്, കുമാരൻ കൊട്ടാരത്തിൽ, ജോയ് മാളിയേക്കൽ, ജോസ് കുഴിവേലി, കെ കെ ബാബു, കെ വി സുരേഷ് കൈതയിൽ, ആന്റോ പുന്നേലിപ്പറമ്പിൽ, ജോസ് പുന്നേലി, ഡേവിസ് ഇടപ്പിള്ളി, ഉണ്ണികൃഷ്ണൻ പുതുവീട്ടിൽ, ശശി ശാരദാലയം, ജോസ് പി എൽ, എന്നിവർ പങ്കെടുത്തു.

ആൽഫ പാലിയേറ്റീവ് കെയർ തൃശൂർ സെൻററിന് പുതിയ ഹോംകെയർ വാഹനം കൈമാറി

തൃശൂർ: ആൽഫ പാലിയേറ്റീവ് കെയർ തൃശൂർ സെന്ററിന് ബാംഗളൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റെഡ് റോഡ് ഹെൽത്ത് കെയർ ബിസിനസ് സൊലൂഷൻസ് നൽകിയ പുതിയ ഹോം കെയർ വാഹനത്തിന്റെ കൈമാറ്റവും തൃശൂർ പടിഞ്ഞാറെ കോട്ടയിലെ പുതിയ കെട്ടിടത്തിലുള്ള പ്രവർത്തനാരംഭത്തിന്റെ ഉദ്ഘാടനവും നടത്തി.

തൃശൂർ കോർപ്പറേഷൻ മേയർ എം.കെ. വർഗീസ് റെഡ് റോഡ് ഹെൽത്ത് കെയർ ബിസിനസ് സൊലൂഷൻസ് കോ ഫൗണ്ടറും ഒപ്പറേഷൻസ് ഹെഡുമായ വിനീത് ജോസിൽനിന്ന് വാഹനത്തിന്റെ താക്കോൽ സ്വീകരിച്ചുകൊണ്ടാണ് ഹോം കെയർ വാഹനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. മുൻ നിയമസഭാ സ്പീക്കറും എം.എൽ.എയുമായിരുന്ന അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. വാഹനത്തിന്റെ സ്പോൺസറായ വിനീത് ജോസിനെ മെമെന്റോ നൽകിയും പൊന്നാടയണിച്ചും മേയർ എം.കെ.വർഗീസ് ആദരിച്ചു.

വിനീത് ജോസിന്റെ പിതാവ് ജോസ് അമ്പാടിയെ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ പൊന്നാടയണിയിച്ച് ആദരിച്ചു. തൃശൂർ പടിഞ്ഞാറെ കോട്ട എൻ. എസ്.എസ്. സ്കൂളിനു പുറകിലുള്ള പുതിയ കെട്ടിടത്തിലെ പ്രവർത്തനാരംഭം അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

ആൽഫ കമ്യൂണിറ്റി ഡയറക്ടർ സുരേഷ് ശ്രീധരൻ ആമുഖപ്രഭാഷണം നടത്തി. ആൽഫ തൃശൂർ സെൻറർ വൈസ് പ്രസിഡൻറ് തോമസ് തോലത്ത് അധ്യക്ഷനായിരുന്നു. സെക്രട്ടറി സി.കെ. സജീവ് സ്വാഗതം പറഞ്ഞു. ആശംസകൾ നേർന്നുകൊണ്ട് കോർപ്പറേഷൻ കൗൺസിലർ പി.സുകുമാരൻ, സെൻറർ വൈസ് പ്രസിഡൻറ് ലീന ടീച്ചർ, സീനിയർ സ്റ്റാഫ് നഴ്സ് ജിനി ജോൺ തുടങ്ങിയവർ സംസാരിച്ചു. ട്രഷറർ ഡോ. ടി.കെ. ആൻറണി നന്ദി പറഞ്ഞു.

കാർഷിക വികസന ബാങ്ക് - നവീകരിച്ച ആമ്പല്ലൂർ ബ്രാഞ്ച് ഉദ്ഘാടനം ഇന്ന് രാവിലെ നടത്തപ്പെട്ടു

ഇരിങ്ങാലക്കുട : സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ നവീകരിച്ച ആമ്പല്ലൂർ ബ്രാഞ്ച് വരന്തരപ്പിള്ളി റോഡിൽ ശ്രീ കുണ്ടുകാവ് ദേവസ്വം കോപ്ലക്സിൽ മാറ്റി പ്രവർത്തനം ആരംഭിക്കുന്നു. ഇന്ന് രാവിലെ 11 മണിക്ക് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡണ്ട് അഡ്വ സി.കെ. ഷാജി മോഹൻ ബ്രാഞ്ചാഫീസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ബാങ്ക് പ്രസിഡണ്ട് തിലകൻ പൊയ്യാറ അധ്യക്ഷത വഹിച്ചു. അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ. രാജേശ്വരി മുഖ്യാതിഥിയായിരുന്നു. വായ്പാ മേളയുടെ ഉദ്ഘാടനം ഐ.ടി.യു. ബാങ്ക് ചെയർമാൻ എം.പി. ജാക്സൺ നിർവ്വഹിച്ചു.

ആം ആദ്മി പാർട്ടി തൃശൂർ ജില്ലാ പ്രസിഡന്റ് ആയി ഡോ. ഷാജു കെ വി ചുമതലയെടുത്തു. മുൻ പ്രസിഡന്റ് റാഫേൽ ടോണി പൊന്നാടയണിച്ചു. ജില്ല വൈസ് പ്രസിഡന്റ് ഡോ. ഉണ്ണികൃഷ്ണൻ സി എസ്, ജോ. സെക്രട്ടറി ബിന്നി പൊന്തേക്കൻ, ട്രഷറർ ഇട്ടൂപ്പ് പനക്കൽ എന്നിവർ സംസാരിച്ചു.

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ
OS: 205/2018, EP: 1056/2022

അമ്പുച്ചിയ ചിട്ടീസ്, പ്രൈവറ്റ് ലിമിറ്റഡ്, ഇരിങ്ങാലക്കുട
-വിധി ഉടമസ്ഥൻ
മുകുന്ദപുരം താലൂക്ക് തെക്കുംകര വില്ലേജിൽ, താണിയത്ത്കുന്ന് ദേശത്ത്, ഉള്ളാട്ടിപറമ്പിൽ ഗണേശൻ ഭാര്യ ബിന്ദു
-വിധി കടക്കാരി

മേൽ നമ്പറിൽ വിധി നടത്ത് ഹരജിയിൽ വിധി കടക്കാരിക്കുള്ള നോട്ടീസ് കോടതിയിലും ടിയാരിയുടെ വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച **05-04-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം കേസ് നിങ്ങളെ കൂടാതെ മേൽ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-03-2025
വിധി ഉടമ ഭാഗം അഡ്വക്കെറ്റ്
കെ ഗോപകുമാർ (ഒപ്പ്)

ചിറ്റണ്ട പുതിയ കാവൊരുങ്ങി കാളിയാട്ടം മഹോത്സവം നാളെ മുതൽ

തൃശൂർ: മധ്യകേരളത്തിന്റെ സാംസ്കാരിക പൈതൃക ഭൂമിയിൽ ഇനി ഉത്തരം മലബാറിന്റെ ദൈവ സാന്നിധ്യം. ഏപ്രിൽ 2, 3 തീയതികളിലായി രാജ്യത്തെ സ്വാഭാവിക അനാന്തരീക്ഷത്തിലെ നാട്ടാന പരിപാലന സംരക്ഷണ കേന്ദ്രമായി വികസിക്കുന്ന ചിറ്റണ്ടയിലെ ഗജനാച്ചുറൽ പാർക്കിലെ പുതിയകാവ് ശ്രീഭദ്രകാളി ക്ഷേത്രം ആണ് രണ്ട് നാൾ നീണ്ടുനിൽക്കുന്ന കൂടിയാട്ട മഹോത്സവവും മഹാ അന്നദാനത്തിനും വേദിയാവുന്നത്. മധ്യകേരളത്തിൽ ഇതാദ്യമായിട്ടാണ് ശാസ്തപ്പൻ തിറയും ഭദ്രകാളി തെയ്യത്തിന്റെയും അവതരണം നടക്കുന്നത്. ഏപ്രിൽ രണ്ടി2ന് വൈകിട്ട് 5ന് സാംസ്കാരിക സദസ്സിൽ സിനിമാതാരങ്ങളായ മനോജ് കെ ജയൻ, കൊല്ലം തുളസി, ശിവജി ഗുരുവായൂർ, അഖിൽ മാരാർ, ഊർമ്മിള ഉണ്ണി, സരയൂ, സീനത്ത്, ട്രസ്റ്റ് ചെയർമാൻ കെ പി മനോജ് കുമാർ, എരുമപ്പെട്ടി പഞ്ചായത്ത് പ്രസിഡന്റ് വസന്തലാൽ, ജനപ്രതിനിധികൾ, സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. സാംസ്കാരിക സദസ്സിൽ കീഴൂർ പെരുമലയനെ പട്ടും വളയും നൽകി ഇൻകം ടാക്സ് അഡിഷണൽ കമ്മീഷണർ ജ്യോതിഷ് മോഹൻ ഐ ആർ എസ്, ട്രസ്റ്റ് ചെയർമാൻ കെ പി മനോജ് കുമാർ എന്നിവർ ചേർന്ന് ആദരിക്കും.

ഇത് 8ന് ശാസ്തപ്പന്റെ വെള്ളാട്ടത്തോടെയാണ് കളിയാട്ടത്തിന്റെ അടങ്ങുണരുക. രാവിലെ പുതിയകാവ് ഭഗവതിയുടെ പീഠ പ്രതിഷ്ഠ ചടങ്ങുകൾക്ക് കളിയാട്ടത്തിന്റെ പരമാചാര്യനും ചിറ്റണ്ട പുതിയകാവ് ഭദ്രകാളി ക്ഷേത്രത്തിന്റെ തന്ത്രി കിഴൂരിടം (പഴശ്ശി കോവിലകം) സ്ഥാനികൻ അനീഷ് പെരുമലയിൽ കാർമ്മികത്വം വഹിക്കും. വൈകിട്ട് 4ന് അയ്യപ്പ സ്വാമി ക്ഷേത്ര സന്നിധിയിൽ നിന്നും ചിറ്റണ്ട മാതൃ ശക്തിയുടെ നേതൃത്വത്തിൽ 1001 പേർ പങ്കെടുക്കുന്ന താലത്തിന്റെയും വാദ്യ മേളത്തിന്റെയും അകമ്പടിയോടെ പെരുമലയനെ പുതിയകാവ് ശ്രീ ഭദ്രകാളി ക്ഷേത്ര സന്നിധിയിലേക്ക് സ്വീകരിച്ച് ആനയിക്കും. ശാസ്തപ്പൻ അവതരിപ്പിക്കും. രാത്രി 11ന് രൗദ്രഭാവം ഏറി ഭദ്രകാളിയുടെ പുറപ്പാടും ഭക്തർക്ക് അനുഗ്രഹമേകും. 3-ാം തിയ്യതി രാവിലെ 9ന് പുതിയ കാവിലമ്മയുടെ തിരുമുടിയേറ്റി അരുൾമൊഴിയകും. കാലത്ത് 10:30ന് 64 കളത്തിൽ ഗുരുതി സമർപ്പണത്തോടെ കളിയാട്ടം പൂർണ്ണമാകും.

തുടർന്ന് മഹാ അന്നദാനവും നടക്കും. നാടിന്റെ വികസനവും വളർച്ചയും ജനതയുടെ ഒരുമയോടെയാണ്. കക്ഷി രാഷ്ട്രീയങ്ങളും ജാതിഭേദങ്ങളും വർഗ്ഗ വർണ്ണങ്ങളും വലിപ്പച്ചെറുപ്പങ്ങളും ഇല്ലാത്ത എല്ലാവരും സന്താപങ്ങൾ ഇല്ലാതെ സന്തോഷത്തോടെ കഴിയുന്ന നാടിന്റെ ആഘോഷമായാണ് കളിയാട്ട മഹോത്സവത്തിനായി ഗജനാച്ചുറൽ പാർക്കിലെ പുതിയകാവ് ഒരുങ്ങുന്നത്.

മധ്യകേരളത്തിൽ ഐവർ മഠത്തിലെ കളിയാട്ടത്തിനു ശേഷം ആചാര അനുഷ്ഠാനത്തോടെ ആദ്യമായിട്ടാണ് കളിയാട്ടം മഹോത്സവത്തിന് ചിറ്റണ്ട വേദിയാകുന്നത്. ആദ്യ കളിയാട്ട മഹോത്സവത്തിന്റെ അരങ്ങ് നാടിന്റെ മാറ്റത്തിനുള്ള തിരികൊളുത്തൽ കൂടിയാണ്. മനസ്സുകൾ പ്രകാശിതമാകുന്ന നാളെയിലേക്കുള്ള തിരിവെട്ടം. കളിയാട്ട മഹോത്സവത്തിലേക്ക് മഹാ അന്നദാനത്തിലേക്കും എല്ലാവരെയും ക്ഷണിക്കുന്നു.

പത്രസമ്മേളനത്തിൽ എലിഫന്റ് വെൽഫെയർ ട്രസ്റ്റ് ചെയർമാൻ കെ പി മാനേജ് കുമാർ സെക്രട്ടറി ശശികുമാർ അസി.സെക്രട്ടറി കെ മഹേഷ് കോഡിനേറ്റർ ചന്ദ്രൻ രാമൻ തറ എന്നിവർ പങ്കെടുത്തു

സംസ്ഥാനതല ഓട്ടിസം ദിനാചരണം ഇരിങ്ങാലക്കുടയിൽ

തൃശൂർ: സംസ്ഥാനതല ഓട്ടിസം ദിനാചരണം ഏപ്രിൽ ഒന്നിന് ഇരിങ്ങാലക്കുടയിൽ. രാവിലെ ഏഴിന് ടൗൺഹാൾ പരിസരത്തു നിന്ന് ആരംഭിക്കുന്ന റൺ ഫോർ ഓട്ടിസം മാരത്തോൺ-വോക്കത്തോൾ പരിപാടി ഉന്നത വിദ്യഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. അയ്യങ്കാവ് മൈതാനിയിലാണ് പരിപാടി സമാപിക്കുക. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ്, സാമൂഹ്യ നീതി വകുപ്പ് ഡയരക്റ്റർ ഡോ. അരുൺ.എസ്. നായർ ഐഎഎസ്, തൃശൂർ റൂറൽ എസ്പി ബി. കൃഷ്ണകുമാർ ഐപിഎസ്, ഇ